


dcb

എം. കെ. ഗാന്ധി

# എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

923.254 GAN/E
CASMTVK BKS
544

വ്രതത്തിന്റെ പ്രായോഗികമായ മാനദണ്ഡം. ആ സത്യത്തിൽ കവിഞ്ഞ് ദൈവമില്ല. അതിൽക്കവിഞ്ഞ സദാചാരവുമില്ല.

ഈ ചെറിയ മനുഷ്യൻ ഇങ്ങനെ ജീവിച്ച് പ്രകാശം ചൊരിഞ്ഞു തുടങ്ങിയപ്പോൾ എം.കെ. ഗാന്ധി മഹാത്മാഗാന്ധിയായി, 'കർമ്മചന്ദ്രൻ' പെട്ടെന്ന് കർമ്മസൂര്യനായി മാറി. ടാഗോറിനെപ്പോലുള്ള മഹാകവികൾ അദ്ദേഹത്തിന്റെ ജയഗാഥകൾ പാടി, ഐൻസ്റ്റീനെപ്പോലുള്ള മഹാശാസ്ത്രജ്ഞന്മാർ മനുഷ്യജീവിതത്തിൽ സാധ്യമായ നന്മയുടെ സാക്ഷാത്കാരമായി കണ്ടു; യാസ്പേഴ്സിനെപ്പോലുള്ള വലിയ ചരിത്രകാരന്മാർ ചരിത്രത്തിൽ ഏറ്റവും അഗാധമായ പരിവർത്തനം വരുത്തിയ ആൾ എന്നു വിലയിരുത്തി; കോടിക്കണക്കിനുള്ള നാട്ടുകാർ അദ്ദേഹത്തെ രാഷ്ട്രപിതാവായി വാഴ്ത്തി.

ഈ പ്രഭാഗോപുരത്തിൽനിന്നു പ്രസരിച്ച ചൈതന്യമേറ്റ് ഇന്നാട്ടിലെ സാധാരണക്കാർപോലും അസാധാരണമായ ത്യാഗത്തിന്റെയും ധൈര്യത്തിന്റെയും സേവനത്തിന്റെയും ജ്യോതിർഗോളങ്ങളായി മാറി. ഗാന്ധിജിയുടെ ആത്മകഥ വായിച്ച ഒരു യുവാവ്, താൻ ചെയ്ത ഏതോ ഒരു 'പാപം' അച്ഛനോട് ഏറ്റുപറയാനുള്ള ധീരത തനിക്കെങ്ങനെ ഉണ്ടാകുമെന്ന് വിലപിച്ച് (1932-ൽ) ഗാന്ധിജിക്കെഴുതിയ ഒരു കത്തിന് അദ്ദേഹം അയച്ചുകൊടുത്ത മറുപടി വായിച്ചാൽ, ഈ മണ്ണ് ആ മാന്ത്രികൻ എങ്ങനെയാണ് കനകമാക്കി മാറ്റിയതെന്ന് (ഗാന്ധികൃതികൾ 52-ാം വോള്യം) നമുക്കു മനസ്സിലാക്കാൻ കഴിയും. ലജ്ജിക്കേണ്ടത് ചെയ്ത തെറ്റിനെപ്പറ്റിയാണെന്നും തെറ്റു സമ്മതിക്കലാണ് തെറ്റ് വരാതിരിക്കാനുള്ള ഒരേയൊരു വഴിയെന്നും ആയിരുന്നു ഗാന്ധിജിയുടെ കൊച്ചു മറുപടി. ആത്മകഥയിലെ ഏറ്റവും സ്തോഭജനകമായ ഭാഗങ്ങൾ തന്റെ 'ഹിമാലയൻ' അബദ്ധങ്ങൾ തിരുത്തുന്ന ഘട്ടങ്ങളാണല്ലോ. ഗാന്ധിജിയുടെ തെറ്റുകളല്ല, ഹിമാലയൻ എന്ന വിശേഷണം അർഹിക്കുന്നത്, നേരേമറിച്ച് അദ്ദേഹം ആ തെറ്റുകൾ തിരുത്തിയതാണ് യഥാർത്ഥമായ 'ഹിമാലയൻ' കർമ്മം.

'എവിടെ മനസ്സു നിർഭയമാണോ' എന്നു ചോദിച്ച മഹാകവിക്കുള്ള മറുപടി കൊടുക്കാൻ നമുക്കേതും പ്രയാസമില്ല—മഹാത്മാഗാന്ധി ഇന്ത്യാക്കാർക്ക് സമരനേതൃത്വം നൽകിയ നാളുകളിൽ ഇന്ത്യാക്കാരന്റെ മനസ്സ് അങ്ങനെയായിരുന്നു.

ആത്മകഥ പുറത്തുവന്ന വർഷങ്ങളിൽ മലയാളവും പഞ്ചാബിയുംതൊട്ടുള്ള ഭാഷകൾ മുതൽ ഇറ്റാലിയനിലും സ്വീഡിഷിലുംവരെ വിവർത്തനങ്ങൾ വേണമെന്ന ആവശ്യങ്ങളുടെ വേലിയേറ്റമായിരുന്നു 'യങ് ഇന്ത്യ'യുടെ ആപ്പീസിൽ.

ഗാന്ധിജി തന്റെ കൃതികളിൽ, വിശേഷിച്ച് ആത്മകഥയിൽ, പോരായ്മകളുണ്ടെന്ന് വല്ലവരും ചൂണ്ടിക്കാണിച്ചാൽ, തെറ്റാണെങ്കിൽ, ഉടനടി തിരുത്തൽ വരുത്തുവാൻ സമ്മതിച്ചിരുന്നു. സിസ്റ്റർ നിവേദിതയെപ്പറ്റി എഴുതുമ്പോൾ വന്നുകൂടിയ ഒരു തെറ്റ് എത്ര സൗജന്യമഹിമയോടെയാണ് ഗാന്ധിജി സമ്മതിച്ചുകൊണ്ട് 'യങ് ഇന്ത്യ'യിൽ എഴുതിയതെന്ന് വായിച്ചറിയേണ്ടതാണ്. ആത്മകഥ ഇംഗ്ലിഷിലേക്കു തർജ്ജമ ചെയ്യുമ്പോൾ മഹാദേവദേശായിയെയും പ്യാരേലാലിനെയും അതിപ്രഗല്ഭന്മാരായ ഇംഗ്ലിഷ് പ്രൊഫസ്സർമാർ സഹായിച്ചിരുന്നുവെന്ന് നാം വായിക്കുന്നു.

അതിനാൽ ന്യൂനതകൾ കുറച്ചുകൊണ്ട് നവീകൃത വിവർത്തനയത്നങ്ങൾ ഉണ്ടായിവരുന്നത് നല്ലൊരു ലക്ഷണമാണെന്ന് ഞാൻ കരുതുന്നു. ഡി സി ബുക്സിന്റെ ഈ പുതിയ ശ്രമത്തിൽ ശ്രീ സി.പി. ഗംഗാധരൻ മൂലഭാഷയായ ഗുജറാത്തിയും നോക്കിയാണ് തർജ്ജമ നടത്തിയതെന്ന് അറിഞ്ഞപ്പോൾ ശ്രീ രവി ഡി സിയെ അഭിനന്ദിക്കണമെന്നു തോന്നി.

ഹിന്ദുസ്വരാജിന്റെ ശതാബ്ദിവർഷത്തിൽ ഗാന്ധ്യുന്മുഖമായ മനസ്സോടെ കഴിയുന്ന കേരളീയർക്ക് ഗാന്ധിസാഹിത്യത്തിലെ മധ്യമണിയായ കൃതിക്ക് കേരളീയമായ രൂപച്ഛായ നല്കിക്കൊണ്ട് പ്രസിദ്ധീകരിക്കുന്ന ഈ പുതിയ വിവർത്തനത്തെ മലയാളികളുടെ മുന്നിൽ സന്തോഷത്തോടെ അവതരിപ്പിച്ചുകൊള്ളുന്നു.

എരവിമംഗലം, തൃശൂർ
25 ഡിസംബർ, 2008

സുകുമാർ അഴീക്കോട്

# ഉള്ളടക്കം


**ഭാഗം ഒന്ന്**

| | |
|---|---|
| ജനനം | 23 |
| ബാല്യം | 25 |
| ബാല്യവിവാഹം | 26 |
| ഭർത്താവിന്റെ പദവിയിൽ | 29 |
| ഹൈസ്കൂളിൽ | 31 |
| ഒരു ദുരന്തം | 35 |
| ഒരു ദുരന്തം (തുടർച്ച) | 37 |
| കളവും പ്രായശ്ചിത്തവും | 40 |
| പിതാവിന്റെ മരണവും എന്റെ ഇരട്ടക്കളങ്കവും | 42 |
| മതത്തിന്റെ മിന്നൽക്കാഴ്ചകൾ | 45 |
| ഇംഗ്ലണ്ടിലേക്ക് തയ്യാറെടുപ്പ് | 48 |
| ഭ്രഷ്ട് | 51 |
| ഒടുവിൽ ലണ്ടനിൽ | 53 |
| എന്റെ തെരഞ്ഞെടുപ്പ് | 56 |
| ഇംഗ്ലീഷുകാരന്റെ മാന്യവേഷത്തിൽ | 59 |
| മാറ്റങ്ങൾ | 62 |
| 'ഡയറ്റിറ്റിക്സ്' | 64 |
| സങ്കോചം എന്റെ കവചം | 67 |
| അസത്യബാധ | 70 |
| മതപരിചയം | 73 |
| അശക്തന് ശക്തി രാമൻ | 76 |
| നാരായണ ഹേമചന്ദ്രൻ | 78 |
| പാരീസിലെ പ്രദർശനം | 81 |
| 'വിളിച്ചു'—ഇനിയെന്ത്? | 83 |
| എന്റെ നിസ്സഹായത | 85 |

**ഭാഗം രണ്ട്**

| | |
|---|---|
| റായ്ചന്ദ്ഭായി | 91 |
| ജീവിതം തുടങ്ങിയതെങ്ങനെ? | 93 |
| ആദ്യത്തെ കേസ് | 96 |

ആദ്യത്തെ ഷോക്ക് 99
തെക്കേ ആഫ്രിക്കയിലേക്ക് 101
നാതാളിൽ 103
ചില അനുഭവങ്ങൾ 106
പ്രിട്ടോറിയയിലേക്കുള്ള വഴിയിൽ 109
കൂടുതൽ ദുരിതങ്ങൾ 113
പ്രിട്ടോറിയയിൽ ഒന്നാം ദിവസം 117
ക്രൈസ്തവബന്ധങ്ങൾ 119
ഇന്ത്യക്കാരുടെ ഏകീകരണം 123
കൂലി 125
കേസ്സിന് തയ്യാറെടുപ്പ് 127
മതം മനസ്സു മഥിക്കുന്നു 130
മനുഷ്യൻ കൊതിക്കുന്നു ദൈവം വിധിക്കുന്നു 133
നാതാളിൽ താമസം 135
വർണവെറി 139
നാതാൾ ഇന്ത്യൻ കോൺഗ്രസ് 142
ബാലസുന്ദരം 145
മൂന്നുപവൻ നികുതി 147
മതങ്ങളുടെ താരതമ്യപഠനം 149
വീട്ടുകാരൻ 152
തിരിച്ചു വീട്ടിലേക്ക് 155
ഇന്ത്യയിൽ 157
രാജസ്നേഹവും ശുശ്രൂഷാതാത്പര്യവും 160
ബോംബെ സമ്മേളനം 163
പൂനയും മദിരാശിയും 166
ഉടനേ മടങ്ങുക 168

**ഭാഗം മൂന്ന്**

കൊടുങ്കാറ്റിന്റെ ഇരമ്പൽ 173
കൊടുങ്കാറ്റ് 175
പരീക്ഷ 178
കൊടുങ്കാറ്റിനുശേഷം ശാന്തി 181
കുട്ടികളുടെ വിദ്യാഭ്യാസം 184
സേവനമനോഭാവം 186
ബ്രഹ്മചര്യം I 188
ബ്രഹ്മചര്യം II 191
ലളിതജീവിതം 194
ബോവർയുദ്ധം 196



ശുദ്ധീകരണവും ദുരിതാശ്വാസവും 198
ഇന്ത്യയിലേക്ക് 200
ഇന്ത്യയിൽ വീണ്ടും 203
ഗുമസ്തനും ഭൃത്യനും 206
കോൺഗ്രസ്സിൽ 207
കഴ്സൺപ്രഭുവിന്റെ ഡർബാർ 209
ഗോഖലെയുമൊത്ത് ഒരു മാസം — I 210
ഗോഖലെയുമൊത്ത് ഒരു മാസം — II 213
ഗോഖലെയുമൊത്ത് ഒരു മാസം — III 215
ബനാറസ്സിൽ 217
ബോംബെയിൽ താമസമാക്കി 220
വിശ്വാസം പ്രതിക്കൂട്ടിൽ 222
ദക്ഷിണാഫ്രിക്കയിലേക്കു വീണ്ടും 225

**ഭാഗം നാല്**

പാഴ്പ്പണി 231
ഏഷ്യയിൽനിന്നെത്തിയ സ്വേച്ഛാധിപതികൾ 233
മാനക്കേടു സഹിച്ചു 234
ഉത്തേജിതമായ ത്യാഗസന്നദ്ധത 236
ആത്മപരിശോധനയുടെ ഫലം 238
സസ്യാഹാരവാദത്തിന് ബലി 241
പരീക്ഷണങ്ങൾ മണ്ണുചികിത്സയിലും ജലചികിത്സയിലും 242
അപകടസൂചന 244
അധികാരശക്തിയെ നേരിടൽ 247
പാവനസ്മരണയും പ്രായശ്ചിത്തവും 249
ഈടുറ്റ പാശ്ചാത്യബന്ധങ്ങൾ 251
ഈടുറ്റ പാശ്ചാത്യബന്ധങ്ങൾ (തുടർച്ച) 253
ഇന്ത്യൻ ഒപ്പീനിയൻ 256
'ലൊക്കേഷൻ' 258
കറുത്ത പ്ലേഗ്—I 260
കറുത്ത പ്ലേഗ്—II 262
ലൊക്കേഷൻ അഗ്നിജ്വാലയിൽ 265
ഒരു പുസ്തകത്തിന്റെ മാന്ത്രികപ്രഭാവം 267
ഫീനിക്സ് സ്ഥാപനം 269
ആദ്യരാത്രി 270
പോലക്കിന്റെ എടുത്തുചാട്ടം 272
ആരെ ദൈവം രക്ഷപ്പെടുത്തുന്നു 274
വീട്ടുവിശേഷങ്ങൾ 277

സുളു കലാപം 279
ആത്മപരിശോധന 282
സത്യാഗ്രഹത്തിന്റെ ഉത്പത്തി 284
ഡയറ്റിറ്റിക്സിൽ കൂടുതൽ പരീക്ഷണങ്ങൾ 285
കസ്തൂർബായുടെ ധൈര്യം 287
ഗാർഹിക സത്യാഗ്രഹം 290
ആത്മനിയന്ത്രണത്തിലേക്ക് 292
ഉപവാസം 294
സ്കൂൾമാസ്റ്റർ 296
സാഹിത്യപഠനം 298
ആത്മീയശിക്ഷണം 300
വിളയിലെ കളകൾ 302
പ്രായശ്ചിത്തമെന്ന നിലയിൽ ഉപവാസം 303
ഗോഖലെയെ കാണാൻ 305
യുദ്ധത്തിൽ എന്റെ പങ്ക് 307
സാന്മാർഗികസമസ്യ 308
മിനി സത്യാഗ്രഹം 310
ഗോഖലെയുടെ ഔദാര്യം 313
പ്ലൂരിസി ചികിത്സ 315
നാട്ടിലേക്ക് 317
ബാറിലെ ഓർമ്മകൾ 318
നിയമവൃത്തിയിലെ സത്യനിഷ്ഠ 320
സഹപ്രവർത്തകരായി മാറിയ കക്ഷികൾ 322
ഒരു കക്ഷി രക്ഷപ്പെടുന്നു 323

**ഭാഗം അഞ്ച്**

ആദ്യത്തെ അനുഭവം 329
പൂനയിൽ ഗോഖലെയുമൊത്ത് 330
ഭീഷണി 332
ശാന്തിനികേതനത്തിലേക്ക് 335
മൂന്നാംക്ലാസ് യാത്രക്കാരുടെ സങ്കടങ്ങൾ 337
അനുനയം 339
കുംഭമേള 340
ലക്ഷ്മൺ ഝൂല 343
ആശ്രമസ്ഥാപനം 346
നിർവഹണഘട്ടം 347
തൊഴിൽകരാർ കുടിയേറ്റനിരോധനം 350
നീലക്കറ 354
സൗമ്യനായ ബീഹാറി 356
അഹിംസയോടു മുഖാമുഖം 359
കേസ് പിൻവലിച്ചു 361
കർമ്മപദ്ധതി 364
കൂട്ടുകാർ 366
ഗ്രാമങ്ങളിലേക്ക് 368
ഗവർണർ നന്നാകുമ്പോൾ 369
തൊഴിലാളിബന്ധം 371
ആശ്രമത്തിലേക്ക് ഒരെത്തിനോട്ടം 374
ഉപവാസം 375
ഖെയ്റാ സത്യാഗ്രഹം 379
ഉള്ളിക്കള്ളൻ 380
ഖെയ്റാ സത്യാഗ്രഹത്തിന്റെ കലാശം 382
ഐക്യത്തിനായുള്ള ആവേശം 383
സൈന്യത്തിലേക്ക് ആളെയെടുപ്പ് 386
മരണത്തിന്റെ പടിപ്പുരയ്ക്കൽ 390
റൗലറ്റ് ബില്ലും എന്റെ ദ്വന്ദ്വാത്മകവൈഷമ്യവും 394
അതിശയക്കാഴ്ച 397
സ്മരണീയമായ ആഴ്ച – I 399
സ്മരണീയമായ ആഴ്ച – II 403
ഹിമാലയൻ തെറ്റ് 406
നവജീവനും യങ്ഇന്ത്യയും 407
പഞ്ചാബിൽ 409
ഗോസംരക്ഷണത്തിനെതിരെ ഖിലാഫത്ത് 411
അമൃത്സർ കോൺഗ്രസ് 415
കോൺഗ്രസ് പ്രവേശനം 418
ഖാദിയുടെ ജനനം 420
ഒടുവിൽ കണ്ടെത്തി 422
ഒരു സംവാദം 424
വേലിയേറ്റം 426
നാഗ്പൂരിൽ 429
വിട 431

# എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

എം. കെ. ഗാന്ധി



ഇത് ഒരു നൂറ്റാണ്ടിന്റെ വെളിച്ചം. കലാപകലുഷിതകാലത്തെ ലാവണ്യമന്ത്രം. മനുഷ്യരാശിയുടെ സനാതന വിമോചനമാർഗ്ഗം. സത്യവും നീതിയും ധർമ്മവും ശാന്തിയും അഹിംസയും സമവായവും സഹിഷ്ണുതയും മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന ഈ മഹാത്മാവിൽ സന്ധിക്കുന്നു. ഭാരതത്തിന്റെ ഈ കെടാവിളക്ക് കോടാനുകോടികൾക്ക് ആശയും ആവേശവുമായിരുന്നു. ഇന്നും അനുവാചകകോടികളെ വിസ്മയലോകത്തേക്ക് കൈപിടിച്ചുനടത്തുന്ന മഹത്ചിന്തകളുടെ കൂടാരമാണ് ഈ കൃതി. ലക്ഷോപലക്ഷം കോപ്പികൾ വിറ്റഴിഞ്ഞ മഹാഗ്രന്ഥം ഡി സി ബുക്സിലൂടെ.

**പരിഭാഷ: സി. പി. ഗംഗാധരൻ**


കവർ ഡിസൈൻ: **എൻ. അജയൻ**

ഡി സി ബുക്സ്

www.dcbooks.com

ISBN 978-81-264-2219-7

00009

9 788126 422197

ആത്മകഥ

E-book available

₹ 175